# CENTRAL SANSKRIT UNIVERSITY
GURUVAYOOR CAMPUS
PURANATTUKARA, THRISSUR

योऽनूचानः स नो महान्।

**കേരളത്തിലെ
പൊതുവിദ്യാലയങ്ങളിലെ
സംസ്കൃതവിദ്യാർഥികൾക്കായി
സമ്മാനപ്പെരുമഴയുമായി...**

# സംസ്കൃതം മെഗാ ക്വിസ് 2024

എന്താണ് സംസ്കൃതം മെഗാ ക്വിസ് ?

in association with

KERALA
SANSKRIT TEACHERS'
FEDERATION (D&P)

KSTF KDSTF

livesanskrit
sanskrit inspires us

## CENTRAL SANSKRIT UNIVERSITY
## GURUVAYOOR CAMPUS
## PURANATTUKARA, THRISSUR

# കേരളത്തിലെ ഏറ്റവും വലിയ സംസ്കൃത ക്വിസ് മത്സരം



# sanskrit mega quiz 2024

योऽनूचानः स नो महान् । योऽनूचानः स नो महान् । योऽनूचानः स नो महान् ।

**സ്കൂൾ രജിസ്ട്രേഷൻ**
**2024 നവം. 07, 5 pm വരെ**
ഹൈസ്കൂൾ, ഹയർ സെക്കണ്ടറി
പ്രത്യേകം രജിസ്ട്രേഷൻ നടത്തണം

**സംസ്ഥാനതല വിജയികൾക്ക്**

**ഒന്നാം സമ്മാനം 10001 രൂപ**
**രണ്ടാം സമ്മാനം 5001 രൂപ**
**മൂന്നാം സമ്മാനം 3001 രൂപ**

മറ്റനേകം ട്രോഫികളും സമ്മാനങ്ങളും

ജില്ലാതലം 1st 2001, 2nd 1001, 3rd 501 മറ്റു സമ്മാനങ്ങളും

## സംസ്കൃതം മെഗാ ക്വിസ് 2024-25

കേന്ദ്ര സംസ്കൃത സർവകലാശാല ഗുരുവായൂർ ക്യാംപസ് (തൃശ്ശൂർ, പുറനാട്ടുകര) കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ ഹൈസ്കൂൾ - ഹയർസെക്കണ്ടറി സംസ്കൃതവിദ്യാർഥികൾക്കായി നടത്തുന്ന സംസ്ഥാനതല സംസ്കൃത പ്രശ്നോത്തരി മത്സരം. റവന്യൂജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരവധി സമ്മാനങ്ങളുമായി കേരളത്തിലെ ഏറ്റവും വലിയ സംസ്കൃത ക്വിസ് മത്സരം.

| | |
|---|---|
| സ്കൂൾ തലം | 2024 നവം. 16 |
| വിദ്യാഭ്യാസജില്ല തലം | 2024 ഡിസം. 21 |
| റവന്യു ജില്ല തലം | 2025 ജനു. 11 |
| സംസ്ഥാന തലം | തിയതി പിന്നീട്. |

SCAN QR FOR REGISTRATION & MORE DETAILS.



**Prof. Shrinivasa Varakhedi**
Hon'ble Vice-Chancellor
Central Sanskrit University



**Prof. K.K. Shine**
Campus Director
CSU, Guruvayoor Campus

in association with

KSTF KDSTF
KERALA SANSKRIT TEACHERS' FEDERATION (D&P)

livesanskrit
sanskrit inspires us

സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർഥിക്കും അനുഗമിക്കുന്ന ഒരു വ്യക്തിക്കും യാത്രബത്ത നിയമാനുസാരം അനുവദിക്കുന്നതാണ്.


**Campus office**
Puranattukara P.O., Thrissur - 680 551
+91 487 2307208
livesanskrit@gmail.com

# എന്താണ്

## സംസ്കൃതം മെഗാ ക്വിസ് 2024-25 ?

.......................................................................................................................

കേരളത്തിലെ സംസ്കൃതപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്കൃത സർവകലാശാല ഗുരുവായൂർ ക്യാംപസ് തൃശ്ശൂർ പുറനാട്ടുകരയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ ഹയർസെക്കണ്ടറി സംസ്കൃതവിദ്യാർത്ഥികൾക്കായി നടത്തുന്ന സംസ്കൃത പ്രശ്നോത്തരി മത്സരമാണ് സാൻസ്ക്രിറ്റ് മെഗാ ക്വിസ്.

### എന്താണ് മത്സരത്തിന്റെ ഘടന?

1. **സ്കൂൾ തലം** — **2024 നവം. 16**
2. **വിദ്യാഭ്യാസജില്ലാ തലം** — **2024 ഡിസം. 21**
3. **റവന്യുജില്ലാ തലം** — **2025 ജനു. 11**
4. **സംസ്ഥാനതലം** — തിയതി പിന്നീട്.

എന്നിങ്ങനെ നാലു തലങ്ങളിലായാണ് മത്സരം നടക്കുന്നത്.

### വിജയികളെ എങ്ങനെ കണ്ടെത്തും?

- സ്കൂൾ തലം - ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ നിന്ന് മത്സരം നടത്തി ഒന്നാം സ്ഥാനക്കാരെയും രണ്ടാം സ്ഥാനക്കാരെയും മൂന്നാം സ്ഥാനക്കാരെയും കണ്ടെത്തി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

- വിദ്യാഭ്യാസ ജില്ലാതലത്തിൽ സ്ക്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികളെ പങ്കെടുപ്പിച്ച് മത്സരം നടത്തുന്നു. വിജയികൾക്ക് സർട്ടിഫിക്കേറ്റ് നൽകുന്നു.
- വിദ്യാഭ്യാസജില്ലാ തലത്തിലെ ഒന്നാം സ്ഥാനം നേടിയ കുട്ടികളെ പങ്കെടുപ്പിച്ച് റവന്യു ജില്ലാ മത്സരം നടത്തുന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റ് ട്രോഫി, ക്യാഷ് അവാർഡ് എന്നിവ ജില്ലാ തല മത്സരവേദിയിൽ വെച്ച് നൽകുന്നു.
- തുടർന്ന് റവന്യൂ ജില്ലയിൽനിന്ന് ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥി സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നു.

## എന്തെല്ലാം സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്?

- റവന്യു ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 2001, രണ്ടാം സ്ഥാനം 1001, മൂന്നാം സ്ഥാനം 501 എന്നിങ്ങനെ ക്യാഷ് അവാർഡും ട്രോഫിയും.
- സംസ്ഥാനതലത്തിൽ 1-2-3 സ്ഥാനങ്ങൾ നേടുന്നവർക്ക് 10001, 5001, 3001 എന്നിങ്ങനെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും 2025 ജനുവരിയിൽ കേന്ദ്ര സംസ്കൃത സർവകലാശാല ഗുരുവായൂർ ക്യാംപസ് തൃശ്ശൂർ പുറനാട്ടുകരയിൽ നടക്കുന്ന മെഗാ ക്വിസ് മത്സര വേദിയിൽ വെച്ച് നൽകും.

## ക്വിസ് മത്സരത്തിന്റെ ചോദ്യങ്ങൾ

## ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടായിരിക്കും?

പൊതുവായ സംസ്കൃതഭാഷാ പരിജ്ഞാനം-വ്യാകരണം, ദർശനം, കലാ-സാഹിത്യം സംസ്കൃത സംബന്ധിയായ പൊതുവിജ്ഞാനവും ആയിരിക്കും ചോദ്യങ്ങളുടെ അടിസ്ഥാനം.

## മത്സരം ഓൺലൈനിൽ ആണോ ?

- അല്ല. എല്ലാ തലത്തിലും കുട്ടികളെ നേരിട്ട് പങ്കെടുപ്പിച്ചാണ് മത്സരം നടക്കുന്നത്.
- ഓൺലൈൻ മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

## എപ്പോഴാണ് മത്സരങ്ങൾ ?

- നവംബർ ആദ്യ ആഴ്ചയിൽ സ്കൂൾ തല മത്സരവും ഡിസംബർ ആദ്യ ആഴ്ചയിൽ വിദ്യാഭ്യാസ ജില്ലാതല മത്സരവും ഡിസംബർ മാസം മൂന്നാമത്തെ ആഴ്ചയിൽ റവന്യു ജില്ലാതല മത്സരങ്ങളും നടക്കും.
- ജനുവരിയിൽ കേന്ദ്ര സംസ്കൃത സർവകലാശാല ഗുരുവായൂർ ക്യാംപസ് തൃശ്ശൂർ, പുറനാട്ടുകരയിൽ ആയിരിക്കും സംസ്ഥാനതല മെഗാ ക്വിസ് മത്സരം നടക്കുന്നത്.

## എങ്ങനെ മത്സരത്തിൽ പങ്കെടുക്കാം?

- മത്സരത്തിനായി സ്കൂളുകൾക്ക് ഗൂഗിൾ ഫോം വഴി രജിസ്ട്രേഷൻ ഉണ്ടായിരിക്കും.
- ഹൈസ്കൂൾ, ഹയർസെക്കണ്ടറി പ്രത്യേകം പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടതാണ്.

- വിദ്യാഭ്യാസജില്ലാ തലത്തിലും റവന്യൂ ജില്ലാ തലത്തിലും മത്സരങ്ങൾ നടത്തുന്നതിന് ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കും.
- രജിസ്റ്റർ ചെയ്ത സ്കൂളുകൾക്ക് ഇതുസംബന്ധിച്ച മറ്റ് നിർദേശങ്ങൾ അതത് സമയത്ത് നൽകുന്നതായിരിക്കും.

---

❖ *മെഗാ സാൻസ്ക്രിറ്റ് ക്വിസ് മത്സരത്തിൽ ഏത് ഘട്ടത്തിലും അനിവാര്യമായ സാഹചര്യത്തിൽ മാറ്റങ്ങൾ വരുത്താൻ മത്സരത്തിൻറെ സംഘാടകസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.*